# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **4719**

23.07.2015-ൽ മറുപടിക്ക്

### ഭവന നിർമ്മാണ ബോർഡിന്റെ ഫ്ലാറ്റ് കൈമാറ്റം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം കവടിയാർ പണ്ഡിറ്റ് കോളനിയിലെ ഭവന നിർമ്മാണ ബോർഡിന്റെ ഫ്ലാറ്റ് സമുച്ചയത്തിലെ അപ്പാർട്ടുമെന്റുകൾ അവ വിലയ്ക്ക് വാങ്ങിയവരുടെ പേർക്ക് കൈമാറ്റം ചെയ്ത് കൊടുക്കാത്തത് എന്തുകൊണ്ടാണെന്നും ആയത് എന്നത്തേക്ക കൈമാറ്റം ചെയ്ത് കൊടുക്കുമെന്നും പ്രസ്തുത കൈമാറ്റം നിർവ്വഹിക്കുവാൻ തയ്യാറാകാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ? | (എ) തിരുവനന്തപുരം കവടിയാർ പണ്ഡിറ്റ് കോളനിയിലെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഫ്ലാറ്റ് സമുച്ചയത്തിലെ (സൈറ്റ് -എ പദ്ധതിയിൽ) ആകെ 120 ഫ്ലാറ്റുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. 27.08.2014 -ലെ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അന്തിമവില കണക്കുകൾ തിട്ടപ്പെടുത്തി അലോട്ടികളെ കുടിശ്ശിക അടയ്ക്കാൻ അറിയിച്ചിട്ടുണ്ട്. ആകെയുള്ള 120 പേരിൽ 80 പേർ അന്തിമവില അടച്ച് കണക്കുകൾ തീർപ്പാക്കിയിട്ടുണ്ട്. ബാക്കി കുടിശ്ശിക തീർക്കാൻ 40 പേർ കൂടിയുണ്ട്. ഇപ്പോൾ ഭവന നിർമ്മാണ ബോർഡിന്റെ കൈവശമുള്ള ടി പദ്ധതിയുടെ റവന്യൂ സ്കെച്ച് പുതുക്കി തയ്യാറാക്കേണ്ടതുണ്ട്. പുതുക്കി തയ്യാറാക്കുന്ന റവന്യൂ സ്കെച്ചിന്റെ പകർപ്പും അതുപ്രകാരമുള്ള സർവ്വേ നമ്പരുകളും വിലയാധാരത്തിൽ ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. കൃത്യമായിട്ടുള്ള റവന്യൂ സ്കെച്ചും സർവ്വെ നമ്പരുകളും വിലയാധാരത്തിൽ ഉൾപ്പെടുത്താതെ വന്നാൽ ഭാവിയിൽ അലോട്ടികൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നതാണ്. ആയതിനാലാണ് ആർക്കും അസ്സൽ വിലയാധാരം നൽകാതിരുന്നത്. കൃത്യമായുള്ള റവന്യൂ സ്കെച്ച് തയ്യാറാക്കി അതുപ്രകാരമുള്ള സർവ്വേ നമ്പരുകൾ ഉൾപ്പെടുത്തി വിലയാധാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. ഇക്കാര്യത്തിൽ മന:പൂർവമായ കൃത്യവിലോപം ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ